മലങ്കര സുറിയാനി കത്തോലിക്കാ സഭ

# MCCL ദിനം 2018
# (മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ്)

## വിശ്വാസപരിശീലനത്തിന് വേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

അഭിവന്ദ്യ പിതാക്കന്മാരെ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരെ, റമ്പാന്മാരെ, ബഹു.വൈദികരെ, ശെമ്മാശന്മാരെ, സന്ന്യസ്ഥരെ, യേശുവിൽ പ്രിയ കുഞ്ഞുങ്ങളേ,

വിശ്വാസ പരിശീലനം എന്നത് തിരുസഭയുടെ പ്രധാനപ്പെട്ട ദൗത്യമാണ്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് വിശ്വാസ പരിശീലനത്തെ വിളിക്കുന്നത്'കർത്താവ് ഏൽപ്പിച്ച ദൗത്യം'എന്നാണ്.
ഏറ്റവും സൂക്ഷ്മതയോടും ശ്രേഷ്ഠതയോടും കൂടിയാണ് വിശ്വാസ പരിശീലനത്തെ മലങ്കര സുറിയാനി കത്തോലിക്കാസഭ നോക്കി കാണുന്നത്. യഥാർത്ഥ വിശ്വാസം കുട്ടികളിൽ എത്തിക്കുവാൻ മലങ്കര സുറിയാനി കത്തോലിക്കാസഭ എപ്പോഴും ശ്രമിക്കുന്നു. ഇന്നത്തെ നമ്മുടെ കുട്ടികൾ നാളത്തെ സഭയേയും സമൂഹത്തേയും വിശ്വാസത്തിലും പാരമ്പര്യത്തിലും നയിക്കേണ്ടവരാണ്. വളർച്ചയുടെ പ്രാരംഭകാലത്തു തന്നെ നമ്മുടെ മക്കൾക്ക് നല്ല ക്രിസ്തീയ രൂപീകരണവും ധാർമ്മിക അവബോധവും നൽകണമെന്ന് സഭ ആഗ്രഹിക്കുന്നു. കുട്ടികളുടെ വിശ്വാസ പരിശീലന ക്ലാസ്സുകളിലെ മതബോധനത്തോടൊപ്പം ക്ലാസ്സുകൾക്ക് പുറത്തുള്ള പ്രായോഗിക പരിശീലനവും നൽകുക എന്നത് സുപ്രധാനം തന്നെ. ബാലനായ യേശുവിനെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ നമ്മുടെ കുട്ടികൾ വളർന്നു വരണം എന്നതാണ് തിരുസഭയുടെ ആഗ്രഹവും സ്വപ്നവും. ചെറുപ്രായത്തിൽ തന്നെ ദൈവത്തെ അറിഞ്ഞ്, സഭയെ മനസ്സിലാക്കി സ്നേഹിച്ച് സഭയോടൊത്ത് ചിന്തിക്കുവാനും പ്രവർത്തിക്കു

വാനും വളരുവാനും കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ആരംഭിച്ച മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കുട്ടികളുടെ സംഘടനയാണ് MCCL.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രത്തിലെ സുപ്രധാന തീരുമാനമാണ് MCCL രൂപീകരണം. നമ്മുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവയുടെ കല്പനപ്രകാരം 2010 സെപ്തംബർ 20-ന് MCCL മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ ഔദ്യോഗികമായി രൂപംകൊണ്ടു. ഇതോടുകൂടി നമ്മുടെ ഭദ്രാസനങ്ങളിൽ വിവിധ പേരുകളിൽ അറിയപ്പെട്ടിരുന്ന (തിരുബാലസഖ്യം, ബാലദീപം) കുട്ടികളുടെ എല്ലാ കൂട്ടായ്മകളും MCCL എന്ന ഏകനാമത്തിൽ ഐക്യരൂപം പ്രാപിക്കണമെന്ന് തീരുമാനിച്ചു. സഭയിൽ മുതിർന്നവർക്കായി MCA, യുവജനങ്ങൾക്കായി MCYM, കുട്ടികൾക്കായി MCCL എന്നീ സംഘടനകൾ നിലകൊള്ളുന്നു. MCAയ്ക്കും MCYM-നും തനതായ ഒരു ഭരണഘടനയും കർമ്മ പരിപാടികളും ഉള്ളതു പോലെ MCCL-നും താൽക്കാലികമായ ഒരു അംഗീകൃത ഭരണഘടനാ സംവിധാനം ഉണ്ട്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ വിശ്വാസ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ കുട്ടികളുടെയും സംഘടനയാണ് MCCL ഒന്ന് മുതൽ പന്ത്രണ്ട് വരെ സൺഡേസ്കൂൾ പഠിക്കുന്ന എല്ലാ കുട്ടികളും ഈ സംഘടനയിൽ അംഗങ്ങളാണ്. സൺഡേസ്കൂൾ വഴിയായി വിശ്വാസപരിശീലനത്തിന്റെ ബൗദ്ധീകമായ അറിവ് പങ്കുവയ്ക്കുമ്പോൾ എം.സി.സി.എൽ. വഴി വിശ്വാസത്തിന്റെ പ്രായോഗികപരിശീലനവേദി ആവിഷ്ക്കരിക്കപ്പെടുന്നു. MCCL ചെറുപ്പകാലം മുതലെ കുട്ടികളെ സംഘടനാപരമായി പ്രവർത്തിക്കാൻ സജ്ജരാക്കുകയും ചെയ്യുന്നു. അതിനാൽ കുട്ടികളുടെ സഭാത്മകവും പ്രായോഗികവുമായ വിശ്വാസപരിശീലനത്തിന് MCCL ഊന്നൽ നൽകുന്നു. മതബോധന പാഠ്യവിഷയങ്ങളോടൊപ്പം വിശുദ്ധ ബൈബിളിലെ വ്യക്തി കളെക്കുറിച്ചുള്ള പഠനം, കുട്ടികളുടെ സമഗ്രവ്യക്തിത്വ വളർച്ചയ്ക്കും നന്മയ്ക്കും ഉതകുന്ന പരിശീലനങ്ങൾ, കുട്ടികളുടെ ധാർമ്മികവും ആന്തരികവുമായ രൂപീകരണത്തെ സഹായിക്കുന്ന കാര്യപരിപാടികൾ, സുവിശേഷാധിഷ്ഠിതവും സഭാത്മകവുമായ ക്രൈസ്തവ ജീവിത പരിശീലനം, കുട്ടികളിൽ അന്തർലീനമായ കലാ-സാംസ്കാരിക തലങ്ങളുടെ പരിപോഷണം ഇവയെല്ലാം MCCL പ്രസ്ഥാനത്തിന്റെ വിവിധ കർമ്മ വേദികളാണ്.



ഒരു നാണയത്തിന്റെ ഇരുവശങ്ങൾ എന്നതുപോലെ സൺഡേസ്കൂൾ പാഠ്യപദ്ധതിയും MCCL പ്രവർത്തനങ്ങളും പരസ്പരപൂരകങ്ങളായി പ്രവർത്തിക്കണം. അക്കാരണത്താലാണ് MCCL എന്ന സംഘടന സഭാതലത്തിലും ഭദ്രാസനതലത്തിലും മതബോധന വിശ്വാസപരിശീലന കമ്മീഷന്റെ കീഴിൽ കാര്യനിർവഹണം നടത്തുന്നതും എല്ലാവർഷവും പുനരൈക്യ വാർഷികത്തോടനുബന്ധിച്ച് കുട്ടികളുടെ സഭാതല സംഗമവും സൺഡേസ്കൂൾ പത്ത് പന്ത്രണ്ട് ക്ലാസുകളിൽ ഭദ്രാസന തലത്തിൽ ഒന്നാം സ്ഥാനം നേടിയവർക്ക് അവാർഡ് ദാനവും നൽകിവരുന്നത്.

2018 ഫെബ്രുവരി 11 MCCL ദിനമായി ആചരിക്കുമ്പോൾ MCCL യൂണിറ്റ് എല്ലാ ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും രൂപീകരിക്കുകയും സജീവമാക്കുകയും ചെയ്യേണ്ടതാണ്. ഭദ്രാസന സൺഡേസ്ക്കൂൾ ഡയറക്ടർ അച്ചന്മാരുടെയും ഇടവക വികാരിമാരുടെയും പ്രത്യേക താൽപര്യം ഈ കാര്യത്തിൽ ഉണ്ടാവണം എന്ന് ഓർമ്മപ്പെടുത്തട്ടെ. സൺഡേസ്കൂൾ പ്രധാന അദ്ധ്യാപകർ, അദ്ധ്യാപകർ, മാതാപിതാക്കൾ തുടങ്ങിയവരുടെ കൂട്ടായപരിശ്രമം MCCL-ന്റെ ഫലപ്രദമായ നടത്തിപ്പിന് അനിവാര്യമാണ്.

MCCL ദിനം എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാനും ഈ പ്രസ്ഥാനത്തിന്റെ പ്രസക്തി വിശ്വാസ സമൂഹത്തെ, പ്രത്യേകിച്ച് കുട്ടികളെ, ബോദ്ധ്യപ്പെടുത്തുവാനും എല്ലാവരും ശ്രദ്ധിക്കുമല്ലോ. വി. കുർബാനയിലെ സമർപ്പണം, സമ്മേളനം, പൊതുപഠന വേദികൾ, കുട്ടികളുടെ പരിപാടികൾ തുടങ്ങിയവ അന്നേദിവസം ക്രമീകരിക്കേണ്ടതാണ്. കുട്ടികളുടെ വിശ്വാസപരിശീലനം എന്ന ശ്രേഷ്ഠമായ ദൗത്യത്തിൽ ത്യാഗപൂർവ്വം പങ്കുചേരുന്ന എല്ലാവർക്കും സഭയുടെ നാമത്തിൽ നന്ദി അർപ്പിക്കുന്നു. ഏവരുടെയും പ്രാർത്ഥനാപൂർവ്വമായ സഹായ സഹകരണങ്ങൾ സ്നേഹപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട്;

മിശിഹായിൽ സ്നേഹപൂർവം,



**✠ഫിലിപ്പോസ് മാർ സ്തേഫാനോസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശ്വാസ പരിശീലന സുന്നഹദോസ് കമ്മീഷൻ ചെയർമാൻ.

26.01.2018
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

N.B. ഈ സർക്കുലർ MCCL ദിനമായ ഫെബ്രുവരി 12-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ, നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.